# പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: **1619**.

**31-01-2018 ൽ മറുപടിയ്ക്ക്**

## നെൽകൃഷി പ്രോത്സാഹിപ്പിക്കാൻ നടപടി

**ചോദ്യം**
ശ്രീ.കെ.എൻ.എ ഖാദർ

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നെൽകൃഷിയിൽ 2017-ൽ വ്യാപകമായ കുറവ് വന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കാലാവസ്ഥാ വ്യതിയാനത്തെ തുടർന്നുണ്ടായ കഠിനമായ വരൾച്ച മൂലം രണ്ടാംവിള കാലത്തും, പുഞ്ചകൃഷിയിലും ഗണ്യമായ കുറവുണ്ടായിട്ടുണ്ട്. ഇറക്കിയ കൃഷി ജലക്ഷാമം മൂലം നശിച്ചതുകൊണ്ടും ഞാറ് പറിച്ച് നടാൻ കഴിയാത്തതും പാലക്കാട് ജില്ലയിൽ നിലം ഒരുക്കിയെങ്കിലും കളക്ടർ അധ്യക്ഷനായ ജില്ലാതല സമിതിയുടെ നിർദ്ദേശ പ്രകാരം കർഷകർ കൃഷിയിറക്കാതിരുന്നതും നെൽകൃഷിയുടെ വിസ്തൃതിയിൽ കുറവുണ്ടാകാൻ കാരണമായി. എന്നാൽ 2017-18 വർഷത്തിൽ വിസ്തൃതിയിൽ വർദ്ധനവുണ്ടായിട്ടുണ്ട്. |
| (ബി) | 2016 നെ അപേക്ഷിച്ച് 2017-ൽ നെൽകൃഷിയിൽ വന്ന വ്യത്യാസം എത്രയെന്ന് വ്യക്തമാക്കുമോ; | (ബി) | 2016 നെ അപേക്ഷിച്ച് 2017-ൽ നെൽകൃഷിയിൽ ഏകദേശം 0.5 ലക്ഷം ഹെക്ടറിന്റെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2016-17-ലെ നെൽകൃഷിയുടെ വിസ്തൃതി സംബന്ധിച്ച് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് പ്രസിദ്ധീകരിച്ച കണക്കും 2017-18-ലെ പുഞ്ചകൃഷി ഉൾപ്പെടെയുള്ള കൃഷി വകുപ്പിന്റെ കണക്കും ചുവടെ ചേർക്കുന്നു. |

| ജില്ല | 2016-17-ലെ വിസ്തൃതി (ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് പ്രസിദ്ധീകരിച്ച കണക്കും) | 2017-18-ലെ കൃഷി ഇറക്കിയ വിസ്തൃതി (പുഞ്ചകൃഷി ഉൾപ്പെടെ കൃഷി വകുപ്പിന്റെ കണക്ക്) |
|---|---|---|
| തിരുവനന്തപുരം | 1392 | 2663.278 |
| കൊല്ലം | 1302 | 3467.922 |
| പത്തനംതിട്ട | 2640 | 3591.2 |
| ആലപ്പുഴ | 17216 | 20309.02 |
| കോട്ടയം | 695 | 1520.5 |
| ഇടുക്കി | 32453 | 40282.49 |
| എറണാകുളം | 4730 | 5300.8403 |

| | | |
|---|---|---|
| തൃശ്ശൂർ | [illegible] | [illegible] |
| പാലക്കാട് | 65513 | 90580 |
| മലപ്പുറം | 7140 | 8084.26 |
| കോഴിക്കോട് | 1987 | 3783.0043 |
| വയനാട് | 7822 | 9508.247 |
| കണ്ണൂർ | 4671 | 6083.146 |
| കാസർഗോഡ് | 2737 | 2804.988 |
| **ആകെ** | **171398** | **220449.375** |

(സി) നെൽകൃഷി പ്രോത്സാഹിപ്പിക്കാൻ സർക്കാർ എന്തൊക്കെ നടപടികളാണ് നിലവിൽ നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ?

(സി) നെൽകൃഷി പ്രോത്സാഹിപ്പിക്കാൻ സർക്കാർ സമഗ്ര നെൽകൃഷി വികസനം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി നടപ്പിലാക്കുന്നു. പ്രസ്തുത പദ്ധതി പ്രകാരം നടപ്പിലാക്കുന്ന വിവിധ ഘടകങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**സുസ്ഥിര നെൽകൃഷി**

സമഗ്ര നെൽകൃഷി വികസന പദ്ധതി (സുസ്ഥിര നെൽകൃഷി വികസനം) പ്രകാരം ഹെക്ടറൊന്നിന് ഉൽപ്പാദനോപാധികളുടെ ചെലവിനായി 1500/- രൂപ സബ്സിഡി നിരക്കിൽ 180000 ഹെക്ടർ സ്ഥലത്തേക്ക് 2700 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.

- **വികസനഏജൻസികൾക്കുള്ള ഫണ്ട്-** നെൽകൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി 11 നെൽകൃഷി വികസന ഏജൻസികൾക്കായി 150 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു.

(ഓണാട്ടുകര വികസന ഏജൻസി, തുറവൂർ കരിനില വികസന ഏജൻസി, വൈക്കം കരിനില വികസന ഏജൻസി, പുറക്കാട് നെൽകൃഷി വികസന ഏജൻസി, കുട്ടനാട് നെൽകൃഷി വികസന ഏജൻസി, തൃശ്ശൂർ കോൾ വികസന ഏജൻസി, കാട്ടാമ്പള്ളി നെൽകൃഷി വികസന ഏജൻസി, പാലക്കാട് നെൽകൃഷി വികസന ഏജൻസി, വയനാട് നെൽകൃഷി വികസന ഏജൻസി, പൊന്നാനി കോൾ വികസന ഏജൻസി, പൊക്കാളി നെൽകൃഷി വികസന ഏജൻസി എറണാകുളം)

- **പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോൽസാഹനം -**

പ്രത്യേക നെല്ലിനങ്ങളുടെ (പൊക്കാളി, ഞവര, ജീരകശാല & ഗന്ധകശാല, രക്തശാലി, ബസ്മതി) വികസനത്തിനായി ഹെക്ടറിന് 10000/- രൂപ സബ്സിഡി നിരക്കിൽ 1200 ഹെക്ടറിന് (ആലപ്പുഴ, തൃശ്ശൂർ, എറണാകുളം, പാലക്കാട്, വയനാട്, കണ്ണൂർ) 120 ലക്ഷം രൂപ വകയിരുത്തി

പദ്ധതി നടപ്പിലാക്കുന്നു. ഈ ഘടകത്തിൽ 1145 ഹെക്ടർ സ്ഥലത്ത് പ്രത്യേക നെല്ലിനങ്ങളുടെ കൃഷി നടത്തി 104.22 ലക്ഷം രൂപ ചെലവഴിച്ചു വരുന്നു.

- **പാടശേഖരസമിതികളുടെ പ്രവർത്തന ചെലവിനായുള്ള പദ്ധതി-**

പാടശേഖരസമിതികളുടെ പ്രവർത്തന ചെലവിനായി ഹെക്ടറിന് 360 രൂപ ക്രമത്തിൽ 300 ലക്ഷം രൂപ 83333.33 ഹെക്ടർ പ്രദേശത്തേക്ക് പദ്ധതി നടപ്പിലാക്കുന്നതിനായി വകയിരുത്തിയിട്ടുണ്ട്.

- **കരനെൽകൃഷി വികസനം-**

സംസ്ഥാനത്ത് കരനെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി 2500 ഹെക്ടർ സ്ഥലത്ത് (ഹെക്ടറിന് 13600/- രൂപ സബ്സിഡി) ആകെ 350 ലക്ഷം രൂപ നൽകി പദ്ധതി നടപ്പിലാക്കി വരുന്നു.

- **തരിശുനില കൃഷി**

നെൽകൃഷിയിലേക്ക് മുഴുവൻ തരിശുനിലങ്ങളെയും മടക്കി കൊണ്ട് വരുന്നതിനു വേണ്ടി തരിശുനില കൃഷിക്ക് കർഷകനും ഭൂവുടമകൾക്കും സഹായ ധനമായി ഹെക്ടറൊന്നിനു ഒന്നാം വർഷത്തെ കൃഷിക്ക് 30000 രൂപയും രണ്ടാം വർഷം 7000 രൂപയും മൂന്നാം വർഷം 4500 രൂപയും നൽകുന്നു.

- **ഒരുപ്പൂ കൃഷി ഇരുപ്പൂ കൃഷി**

ഒരുപ്പൂ കൃഷി ഇരുപ്പൂ കൃഷി ആക്കുന്നതിനായി ഹെക്ടറൊന്നിനു 10000 രൂപ നിരക്കിൽ 1500 ഹെക്ടറിന് ധനസഹായം നൽകുന്നുണ്ട്.

- **പദ്ധതിയധിഷ്ഠിത ധനസഹായം**

നഗര പ്രദേശങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മറ്റും നെൽ കൃഷി ചെയ്യുന്നതിന് പദ്ധതിയധിഷ്ഠിതമായി ധനസഹായം നൽകുന്നുണ്ട്. ആയതിലേക്കായി 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്

- **നെൽ കൃഷിയിൽ നൂതന ആശയങ്ങൾ നടപ്പാക്കുന്നതിന് ധനസഹായം**

2016 ആഗസ്റ്റ് (ചിങ്ങം 1) മുതൽ 2017 ആഗസ്റ്റ് (ചിങ്ങം 1) വരെ ആണ് നെൽ വർഷമായി ആചരിച്ചത്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി പദ്ധതിയുടെ മറ്റു ഘടകങ്ങൾക്ക് പുറമെ ബ്ലോക്ക് തലത്തിലുള്ള സംയോജനം, പരിസ്ഥിതി സൗഹൃദ സുസ്ഥിര ആശയങ്ങൾ നെൽകൃഷി മേഖലയിൽ നടപ്പാക്കൽ എന്നിവയ്ക്ക് ഊന്നൽ നൽകിയിരുന്നു. നെല്ലുത്പാദനം, നെൽകൃഷിയും വിദ്യാഭ്യാസവും, നെൽകൃഷിയും തൊഴിൽ ലഭ്യതയും, നെൽകൃഷിയും യുവാക്കളും, നെൽകൃഷിയിലെ നൂതന സങ്കേതങ്ങൾ, നെൽകൃഷിയും പരിസ്ഥിതിയും,

സംസ്കരണവും വിപണനവും നെൽകൃഷിയും ടൂറിസവും, നെൽകൃഷിയും കായികവിനോദങ്ങളും. നെൽകൃഷിയും ആയുർവേദവും. നെൽകൃഷി മേഖലയുമായി ബന്ധപ്പെട്ട കലയും സംസ്കാരവും എന്നീ മേഖലകൾക്ക് മുൻതൂക്കം കൊടുത്തുകൊണ്ട് പദ്ധതികൾ തയാറാക്കി നടപ്പാക്കുക ആണ് പ്രധാന ലക്ഷ്യം. ആയതിലേക്ക് 262 ലക്ഷം രൂപ ഉൾക്കൊള്ളിച്ചിരിക്കുന്നു.

- **ബ്ലോക്ക് തലത്തിൽ പദ്ധതി സംയോജനം**

നെൽകൃഷി മേഖലയിൽ കേന്ദ്ര /സംസ്ഥാന/ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആനുകൂല്യങ്ങൾ സംയോജിപ്പിച്ചു ഏകീകരിച്ച രീതിയിൽ താഴെത്തട്ടിൽ നടപ്പാക്കുന്നതിനായും ഒന്നിലധികം പഞ്ചായത്തുകളിലായി വരുന്ന പാടശേഖരങ്ങളിൽ പൊതു ഞാറ്റടി, തോട് നവീകരണം, കൊയ്ത്തു മെതി യന്ത്രങ്ങൾ ഉറപ്പാക്കൽ, മില്ലുകൾ സ്ഥാപിക്കൽ, മറ്റു സംഭരണ സംസ്കരണ വിപണന പ്രവർത്തനങ്ങൾ എന്നിവക്കുമായി 1200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്

- **റൈസ് മില്ലുകൾ സ്ഥാപിക്കൽ**

പാടശേഖര സമിതികൾ, സഹകരണ സ്ഥാപനങ്ങൾ, അംഗീകൃത ഗ്രൂപ്പുകൾ, വ്യക്തികൾ എന്നിവക്ക് റൈസ് മില്ലുകൾ സ്ഥാപിക്കുന്നതിനായി 300 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. പദ്ധതിയധിഷ്ഠിതമായി ആണ് ധനസഹായം നൽകുക.

ഇത് കൂടാതെ നെൽകൃഷി വികസനത്തിനായി താഴെ പറയുന്ന പദ്ധതിയേതര (NP) പദ്ധതികളും നടപ്പിലാക്കിവരുന്നു

- **നെൽകൃഷി ഉല്പാദന ബോണസ് (നോൺ പ്ലാൻ) -**

നെൽ കർഷകർക്ക് ഉൽപാദന ബോണസായി ഹെക്ടറിന് 1000 രൂപ നൽകി പദ്ധതി നടപ്പിലാക്കി വരുന്നു.

- **കാർഷിക സൗജന്യ വൈദ്യുതി പദ്ധതി (നോൺ പ്ലാൻ) -**

നെൽകൃഷിക്ക് ഭൂപരിധിയില്ലാതെയും മറ്റു വിളകൾക്ക് 2 ഹെക്ടർ വരെയും ജലസേചനത്തിനായി സൗജന്യ വൈദ്യുതി അനുവദിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**